


***സുസ്ഥിരതാ ശ്രമങ്ങളും വനസംരക്ഷണവും ഉറപ്പാക്കുന്നതിന് ഫ്‌ളിപ്പ്കാർട്ടും മിന്ത്രയും കനോപ്പിയുമായി കൈകോർക്കുന്നു***

- *കനോപ്പിയുടെ പാക്ക്4ഗുഡ് (പാക്കേജിംഗിനായി), കനോപ്പി സ്‌റ്റൈൽ (ഫാഷനായി) സംരംഭങ്ങൾക്കായി സൈൻ അപ്പ് ചെയ്യുക*

- *പാക്കേജിംഗ്, പേപ്പർ അല്ലെങ്കിൽ മനുഷ്യനിർമ്മിത സെല്ലുലോസിക് നാരുകൾ എന്നിയുടെ നിർമ്മാണത്തിനായി പുരാതനവും വംശനാശഭീഷണി നേരിടുന്നതുമായ വനങ്ങളിൽ നിന്ന് എടുക്കുന്ന വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള സമീപനങ്ങളെയും സംവിധാനങ്ങളെയും പിന്തുണയ്ക്കുക*

***ബെംഗളുരു, ജൂലൈ 22, 2021*** *: ഇന്ത്യയുടെ ആഭ്യന്തര ഇ-കൊമേഴ്‌സ് വിപണന കേന്ദ്രമായ ഫ്‌ളിപ്കാർട്ടും, പ്രമുഖ ഫാഷൻ-ലൈഫ് സ്‌റ്റൈൽ പ്ലാറ്റ്‌ഫോമായ മിന്ത്രയും സുസ്ഥിര പാക്കേജിംഗിന്റെയും മനുഷ്യനിർമ്മിത സെല്ലുലോസിക് നാരുകളുടെയും ഉത്തരവാദിത്ത ഉറവിടത്തിനായി പരിസ്ഥിതി സംഘടനയായ കനോപ്പിയുമായി കൈകോർക്കുന്നു.*

*കാലാവസ്ഥാ സ്ഥിരത നിലനിർത്തുന്നതിലും ജൈവവൈവിധ്യ സംരക്ഷണത്തിലും തദ്ദേശീയ സമൂഹങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും വനങ്ങളുടെ പങ്ക് ഫ് ളിപ്കാർട്ടും മിന്ത്രയും തിരിച്ചറിയുന്നു. സുസ്ഥിര പാക്കേജിംഗിലേക്കും മെറ്റീരിയൽ സോഴ്‌സിംഗിലേക്കും നീങ്ങാനുള്ള സുസ്ഥിര പ്രതിബദ്ധത വർധിപ്പിക്കുന്നതിനായി കമ്പനികൾ കനോപ്പിയുടെ പാക്ക് 4 ഗുഡ്, കനോപ്പിസ്‌റ്റൈൽ സംരംഭങ്ങളിൽ ചേർന്നു. പാക്കേജിംഗിലെ ഒറ്റത്തവണ-ഉപയോഗ പ്ലാസ്റ്റിക്കുകളിൽ നിന്നുള്ള മാറ്റം കമ്പനികൾ അടുത്തിടെ പ്രഖ്യാപിച്ചിരുന്നു. പരിസ്ഥിതി സൗഹൃദ പേപ്പർ ഷ്രെഡുകൾ, പോളി പൗച്ചുകൾക്ക് പകരം റീസൈക്കിൾ ചെയ്ത പേപ്പർ ബാഗുകൾ, ബബിൾ റാപ്പുകൾക്ക് പകരം കാർട്ടൺ വേസ്റ്റ് തുടങ്ങിയവ ഉപയോഗിക്കുന്നു.*

*കനോപ്പിയുടെ പാക്ക് 4 ഗുഡ് (പാക്കേജിംഗ്), കനോപ്പിസ്റ്റൈൽ (ഫാഷൻ) സംരംഭങ്ങളിൽ ഒപ്പുവെച്ച രണ്ടു കമ്പനികളും ഇനി മുതൽ അസംസ്കൃത വസ്തുക്കൾക്കായി വനങ്ങളെ ആശ്രയിക്കുന്നതിൽ നിന്നുമാറി അടുത്ത തലമുറ പരിഹാരങ്ങളിലേക്ക് നീങ്ങും. ഇതിന്റെ ഭാഗമായി അടുത്ത മൂന്ന് വർഷങ്ങളിൽ ഫ്ളിപ്കാർട്ടും മിന്ത്രയും ഇനിപ്പറയുന്ന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും:*

- *കൊറഗേറ്റഡ് പേപ്പറും പേപ്പർബോർഡും കുറയ്ക്കുന്നതിന് പുനരുപയോഗിക്കാവുന്ന / റീഫിൽ ചെയ്യാവുന്ന ഷിപ്പിംഗ് ബോക്സുകളുടെ ഉറവിടം അല്ലെങ്കിൽ രൂപകൽപ്പന*

- *റീസൈക്കിൾ ചെയ്തതോ പുനരുപയോഗിക്കാവുന്നതോ അല്ലെങ്കിൽ എഫ്എസ്സി സർട്ടിഫൈഡ് പേപ്പർ, പാക്കേജിംഗ് എന്നിവയുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുകയും ഉത്തരവാദിത്തത്തോടെ നിർമ്മിച്ച മനുഷ്യ നിർമ്മിത സെല്ലുലോസിക് നാരുകൾ ഉപയോഗിച്ച് ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യുക*

- *പാക്കേജിംഗ് മെറ്റീരിയലുകളുടെ ഉപയോഗം കുറയ്ക്കുന്ന ഇ-കൊമേഴ്സ്, ഷിപ്പിംഗ്, ഡിസ്പ്ലേ, റാപ്പിംഗ് സിസ്റ്റങ്ങൾ രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക*

- *പാക്കേജിംഗിൽ പുനരുപയോഗം ചെയ്യാവുന്ന വസ്തുക്കളുടെ ഉപയോഗം വർധിപ്പിക്കുക*

- *ഇൻട്രാ ബിസിനസ് ആപ്ലിക്കേഷനുകൾക്കായി പുനരുപയോഗിക്കാവുന്ന പാക്കേജിംഗ് സംവിധാനങ്ങൾ ഉപയോഗിക്കുക*

- *ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ, മാർക്കറ്റിംഗ്, അക്കൗണ്ടിംഗ് സിസ്റ്റം എന്നിവയുടെ ഉപയോഗം വർധിപ്പിക്കുക*

- *ഉയർന്നുവരുന്നതും സർക്കുലർ എക്കണോമി കണ്ടുപിടിത്തങ്ങളും ഗവേഷണം ചെയ്യുകയും പ്രയോഗിക്കുകയും ചെയ്യുന്നതുൾപ്പെടെ മികച്ച രീതികൾ സ്വീകരിക്കുക*

- *റയോൺ / വിസ്കോസ്, ലൈയോസെൽ, മൊഡാൽ എന്നിവയുൾപ്പെടെയുള്ള ആഭ്യന്തര ഉൽപ്പന്നങ്ങൾക്കായി ഉത്തരവാദിത്തത്തോടെ നിർമ്മിച്ച മനുഷ്യ നിർമ്മിത സെല്ലുലോസിക് ഫൈബർ ഉപയോഗം വർധിപ്പിക്കുക*

“നെക്സ്റ്റ് ജനറേഷൻ പാക്കേജിംഗിന്റെയും വസ്ത്രങ്ങളുടെയും നിർമ്മാണത്തിൽ ആഗോളതലത്തിൽ മുന്നേറാൻ ഇന്ത്യക്ക് അവിശ്വസനീയമായ കഴിവുണ്ട്. ഫ്ളിപ്കാർട്ട്, മിന്ത്ര എന്നിവയുമായുള്ള  പങ്കാളിത്തം ഈ കാലാവസ്ഥാ സംരക്ഷണ പരിഹാരങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുമെന്ന പ്രതീക്ഷ നൽകുന്നുണ്ട്. ഞങ്ങൾ ഫ്ളിപ്കാർട്ട് ഗ്രൂപ്പിന്റെ നേതൃത്വത്തെ അഭിനന്ദിക്കുകയും ഈ അഭിലാഷ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് അവരുമായി സഹകരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു”-**കനോപ്പി എക്സിക്യൂട്ടീവ് ഡയറക്ടർ നിക്കോൾ റൈക്രോഫ്റ്റ്** പറഞ്ഞു.

“ഒരു ആഭ്യന്തര ഇ-കൊമേഴ്സ് വിപണനകേന്ദ്രമെന്ന നിലയിൽ ബിസിനസ് ആവശ്യങ്ങൾക്കായി സുസ്ഥിരമായ ബദലുകൾ സൃഷ്ടിക്കുന്നതിനൊപ്പം ഉത്തരവാദിത്തത്തോടെയുള്ള ഉറവിട സൃഷ്ടിയും സുസ്ഥിരാന്തരീക്ഷം സൃഷ്ടിക്കുന്നതിന് അത്യാവശ്യമാണ്. ഈ ശ്രമത്തിൽ, ലോകത്തിലെ പുരാതനവും വംശനാശഭീഷണി നേരിടുന്നതുമായ വനങ്ങൾ സംരക്ഷിക്കുന്നതിനായി കനോപ്പിസ്റ്റൈലിലും പാക്ക് 4 ഗുഡ് സംരംഭങ്ങളിലും ചേരുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. പാക്കേജിംഗിനായി ഒരു പുതിയ ഉറവിടം കണ്ടെത്താൻ ഞങ്ങളെ അനുവദിക്കുന്ന അടുത്ത സഹകരണത്തിനായി ഞങ്ങൾ പ്രതീക്ഷിക്കുന്നു. മറ്റു പ്രവർത്തന മേഖലകളിലും മാറ്റം വരുത്തുകയും ലോജിസ്റ്റിക്സ്, ഇൻഫ്രാസ്ട്രക്ചർ, ഊർജ്ജക്ഷമത എന്നിവയിൽ കൂടുതൽ സുസ്ഥിര സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യും”- **സീനിയർ വൈസ് പ്രസിഡന്റും ഫ്ളിപ്പ്കാർട്ടിലെ സപ്ലൈ ചെയിൻ മേധാവിയുമായ ഹേമന്ത് ബദ്രി** പറഞ്ഞു.

“സുസ്ഥിരതയ്ക്ക് പ്രതിജ്ഞാബദ്ധമാണെന്നും കാർബൺ പുറന്തള്ളൽ കുറയ്ക്കുന്ന വ്യവസായ സംരംഭങ്ങളിൽ എല്ലായ്പ്പോഴും മുൻപന്തിയിലാണെന്നും മുഴുവൻ വിതരണ ശൃംഖലയിലും ഉൽപാദന പ്രക്രിയയിലും പുനരുപയോഗം പ്രോത്സാഹിപ്പിക്കും. കനോപ്പിസ്റ്റൈലും പാക്ക്4ഗുഡും സ്വീകരിക്കുന്നത് സിംഗിൾ യൂസ് പ്ലാസ്റ്റിക് ഉപയോഗം ഒഴിവാക്കുന്നതിനും പരിസ്ഥിതി സൗഹൃദ സംവിധാനങ്ങൾ വർധിപ്പിക്കുന്നതിനുമുള്ള ഞങ്ങളുടെ ലക്ഷ്യത്തിലേക്കുള്ള പ്രധാന പടിയാണ്” **മിന്ത്ര വൈസ് പ്രസിഡന്റും സോഴ്സിംഗ് മേധാവിയുമായ നീതു ജോത്വാനി** പറഞ്ഞു.

ഉത്തരവാദിത്തമുള്ള വനവൽക്കരണവും പുരാതന / വംശനാശഭീഷണി നേരിടുന്ന വനങ്ങളെ ഉറവിടമാക്കില്ലെന്നതും സുസ്ഥിരതയിലേക്കുള്ള നിർണായക ഘട്ടമാണ്. കനോപ്പിയുടെ പിന്തുണയോടെയുള്ള ഫ്ളിപ്കാർടിന്റെ ഈ നയം വിതരണ ശൃംഖലകളെ മൂല്യ ശൃംഖലകളാക്കി മാറ്റും.

**Media Contacts:**

**Canopy Contact**
Mike Hudema
+1 778-989-6153
communications@canopyplanet.org

**Flipkart Contact**
Media@flipkart.com

## About Canopy

Canopy is a not-for-profit environmental organization dedicated to protecting forests, species, and climate. Canopy has collaborated with more than 750 companies to develop cutting-edge environmental policies that transform unsustainable supply chains, spark innovative solutions, and protect our world's remaining Ancient and Endangered Forests. Learn more at: www.canopyplanet.org

## About the Flipkart Group

The Flipkart Group is one of India's leading digital commerce entities and includes group companies Flipkart, Myntra, Flipkart Wholesale, and Cleartrip. The Group is also a majority shareholder in PhonePe, one of the leading Payments Apps in India.

Started in 2007, Flipkart has enabled millions of consumers, sellers, merchants, and small businesses to be a part of India's digital commerce revolution, with a registered customer base of more than 350 million, offering over 150 million products across 80+ categories. Our efforts to democratize commerce in India, drive access and affordability, delight customers, create lakhs of jobs in the ecosystem, and empower generations of entrepreneurs and MSMEs have inspired us to innovate on many industry firsts. Flipkart is known for pioneering services such as Cash on Delivery, No Cost EMI and easy returns – customer-centric innovations have made online shopping more accessible and affordable for millions of Indians. Together with its group companies, Flipkart is committed to transforming commerce in India through technology.